എം.ജി.എൽ.സി. അധ്യാപകർ

26(2877) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി.എൽ.സി. അധ്യാപകർ സമർപ്പിച്ച നിവേദനത്തിലെ പ്രസ്തുത അധ്യാപകരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ബി) എം.ജി.എൽ.സി. സ്കൂളുകളെ സർക്കാർ എൽ.പി. സ്കൂളുകളായി ഉയർത്തി ഉത്തരവ് ഇറക്കിയതിനുശേഷം ആയത് പ്രാബല്യത്തിൽ വരുത്തുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ ;

(സി) എം.ജി.എൽ.സി. അധ്യാപകർക്ക് നൽകിവരുന്ന വേതനം അതേ സ്കൂളുകളിൽ പാചകം ചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കുന്ന വേതനത്തിന്റെ പകുതിപോലും ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത അധ്യാപകർക്ക് നിലവിൽ നൽകിവരുന്ന വേതനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയത് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഇ) യാത്രാസൗകര്യംപോലുമില്ലാത്ത മലയോര വനമേഖലകളിൽ 15 വർഷത്തിലധികമായി സേവനം ചെയ്യുന്ന എം.ജി.എൽ.സി അധ്യാപകരുടെ സേവന കാലയളവ് പരിഗണിച്ച് അവരുടെ വിദ്യാഭ്യാസ യോഗ്യത മാനദണ്ഡമാക്കി സ്ഥിരം ജീവനക്കാരാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) നിലവിൽ വിദ്യാവോളന്റിയർമാർക്ക് 2015 ഒക്ടോബർ, നവംബർ മാസങ്ങളിലെ ശമ്പള കുടിശ്ശിക നൽകാനുണ്ട്. ആയത് കൊടുത്ത് തീർക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. എം.ജി.എൽ.സി. സ്കൂളുകളുടെ അപ്ഗ്രേഡേഷൻ സംബന്ധിച്ച വിഷയം വീണ്ടും മന്ത്രിസഭാ യോഗത്തിന് മുന്നിൽ സമർപ്പിക്കാൻ 12-11-2015-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. 12-11-2015-ലെ യോഗത്തിന്റെ മിനിട്ട്സ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly